5. റെയിൽവേ സ്റ്റേഷൻ, വിമാനത്താവളം തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് തടയുന്നതിനായി പ്രത്യേക പരിശോധന നടത്തുന്നു.

6. നികുതി പിരിവിൽ കുറവുണ്ടായിട്ടുള്ള ഓഫീസുകളിൽ കമ്മീഷണ റേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുന്നു.

7. കൂടാതെ നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റിഗേഷൻ വിംഗ് 2003 മുതൽ പ്രവർത്തിച്ചുവരുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന 52 ഇനം സാധനങ്ങൾക്ക് പ്രവേശന നികുതി ഈടാക്കുന്നുണ്ട്. അതിൽ 7 ഇനങ്ങൾക്ക് പ്രവേശനഘട്ടത്തിൽത്തന്നെ നികുതി ബാധകമാണ്. ഇതുമൂലം കള്ളക്കടത്തും നികുതി ചോർച്ചയും വലിയ ഒരളവോളം തടയാൻ കഴിയുന്നു.

വിൽപ്പന നികുതി വകുപ്പിൽ നികുതി കുറച്ചു ചുമത്തപ്പെട്ടതായ കേസുകൾ

20 [1989] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിൽപ്പന നികുതി വകുപ്പിൽ ക്രയവിക്രയ തുകയുടെ ഒഴിവാക്കൽ തെറ്റായി അനുവദിച്ചതിലൂടെ നികുതി കുറച്ചു ചുമത്തപ്പെട്ടതായ കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നികുതി കുറച്ചു ചുമത്തപ്പെടാനുണ്ടായ സാഹചര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) സർക്കാരിന് ഇതുവഴിയുണ്ടായ ഭീമമായ നഷ്ടം പരിഹരിച്ച് കാരണക്കാരായവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മദ്യവിൽപ്പനയിലൂടെ പിരിഞ്ഞുകിട്ടിയ വിൽപ്പന/എക്സൈസ് നികുതി

21 [1990] ശ്രീ. എ. പി. അനിൽ കുമാർ:
,, എം. പി. ഗംഗാധരൻ:
,, എം. മുരളി:
,, കെ. മുഹമ്മദാലി:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004-ൽ സംസ്ഥാനത്ത് മദ്യവിൽപ്പന മുഖേന എന്തു തുകയ്ക്കുള്ള വിൽപ്പന നികുതി പിരിഞ്ഞുകിട്ടി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാലത്ത് മദ്യത്തിന്മേലുള്ള എക്സൈസ് നികുതി ഇനത്തിൽ എന്തു തുക കിട്ടി;

(സി) പ്രസ്തുത ഇനത്തിലുള്ള നികുതിയും മുൻ വർഷത്തേതിനേക്കാൾ എത്ര കണ്ട് കൂടുതലോ കുറവോ ആണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2003-2004-ൽ സംസ്ഥാനത്ത് മദ്യവിൽപ്പന മുഖേന 1164.18 കോടി രൂപ വിൽപ്പന നികുതിയായി പിരിഞ്ഞുകിട്ടി.

(ബി) എക്സൈസ് നികുതി ഇനത്തിൽ 330.01 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(സി) 2003-2004-ൽ മദ്യവിൽപ്പന മുഖേന പിരിഞ്ഞുകിട്ടിയ വിൽപ്പന നികുതി തുക മുൻവർഷത്തേക്കാൾ 132.50 കോടി രൂപ കൂടുതലാണ്. എക്സൈസ് നികുതി ഇനത്തിൽ 21.46 കോടി രൂപയുടെ വർദ്ധനവുണ്ട്.

സെയിൽ ടാക്സ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനം

22 [1991] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാണിജ്യ നികുതി വകുപ്പിൽ നേരിട്ട് നിയമിക്കേണ്ട സെയിൽസ് ടാക്സ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി. മുഖേന സെയിൽസ് ടാക്സ് ഓഫീസർമാരെ ഏറ്റവും ഒടുവിലായി നേരിട്ട് നിയമിച്ചത് എന്നാണ്;

(ഇ) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(എഫ്) ഇതിനുശേഷം നേരിട്ടുള്ള നിയമനം മുഖേന നികത്തേണ്ട എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(ജി) നേരിട്ടുള്ള നിയമനം മുഖേന നികത്തേണ്ട സെയിൽസ് ടാക്സ് ഓഫീസർമാരുടെ അടുത്ത മൂന്നു വർഷത്തിനുള്ളിൽ ഉണ്ടാകാനിടയുള്ള ഒഴിവുകൾ കണക്കാക്കി പി.എസ്.സി.-യെ അറിയിക്കുന്നതിനും പി.എസ്.സി. ലിസ്റ്റ് ഉടനെ പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly